തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## പി. ജി. പ്രവേശന പരീക്ഷ - 2023

## എം.എ./എം.എസ് സി പരിസ്ഥിതിപഠനം

കോഴ്സ് കോഡ് **MUE ES - 06**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ

മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. നിശബ്ദ വസന്തം എന്ന പുസ്തകം എഴുതിയതാരാണ്?
   a) ചാൾസ് ഡാർവിൻ  b) വന്ദനാ ശിവ
   c) റെയ്ച്ചൽ കാർസൺ  d) സാലിം അലി

2. എക്സൺ വാൽഡസ് (Exxon Valdez) സംഭവം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
   a) പ്രകൃതി ദുരന്തം  b) ന്യൂക്ലിയർ വിസ്ഫോടനം
   c) ഓയിൽ ടാങ്കർ അപകടം  d) ഇവയൊന്നുമല്ല

3. ഓസോൺ കാണപ്പെടുന്ന അന്തരീക്ഷപാളി
   a) മീസോസ്ഫിയർ  b) ട്രോപ്പോസ്ഫിയർ
   c) സ്ട്രാറ്റോസ്ഫിയർ  d) തെർമോസ്ഫിയർ

4. ഹരിതക (Chlorophyll) ത്തിൽ അടങ്ങിയിരിക്കുന്ന മൂലകം?
   a) കാൽസിയം  b) സിങ്ക്
   c) കോപ്പർ  d) മഗ്നീഷ്യം

5. കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടൽക്കാടുകൾ ഉള്ള ജില്ല?
   a) മലപ്പുറം  b) കണ്ണൂർ
   c) കോഴിക്കോട്  d) എറണാകുളം

6. ഇന്ത്യയിൽ ഹിമപ്പുലികൾ (Snow leopard) കാണപ്പെടുന്ന ദേശീയോദ്യാനം?
   a) കാസിരംഗ  b) നാഗർഹോലെ
   c) ദ ഗ്രേറ്റ് ഹിമാലയ  d) ഭരത്പൂർ

7. യൂട്രോഫിക്കേഷന് കാരണം
   a) കാൽസ്യം, മഗ്നീഷ്യം  b) നൈട്രജൻ, ഫോസ്ഫറസ്
   c) സിങ്ക്, കാഡ്മിയം  d) കോപ്പർ, ലെഡ്

8. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ്?
   a) രാജേന്ദ്രസിംഗ്  b) വർഗീസ് കുര്യൻ
   c) സുന്ദർലാൽ ബഹുഗുണ  d) എം.എസ്. സ്വാമിനാഥൻ

9. നർമ്മദാ നദിക്ക് കുറുകെയുള്ള അണക്കെട്ട്?
   a) സത്‌ലജ്  b) ഭക്രാനംഗൽ
   c) സർദാർ-സരോവർ  d) ഹിരാക്കുഡ്

10. പ്ലാച്ചിമട സമരത്തിന് നേതൃത്വം നൽകിയ വനിത?
    a) സുഗതകുമാരി  b) മയിലമ്മ
    c) സി.കെ. ജാനു  d) വിജയലക്ഷ്മി

11. UNEP യുടെ പൂർണരൂപം
    a) United Nations Energy Programme  b) United Nations Environment Programme
    c) United Nations Ecosystem Policy  d) United Nations Environment Policy

12. 2023ലെ പരിസ്ഥിതി ദിനത്തിന്റെ ആപ്തവാക്യം?
    a) പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം  b) ഏകലോകം
    c) പാരിസ്ഥിതിക പുനഃസ്ഥാപനം  d) വായുമലിനീകരണം

13. ഫ്ലൂറോസിസിന് കാരണം?
    a) ആഴ്സനിക്  b) ക്ലോറൈഡ്
    c) ഫ്ലൂറൈഡ്  d) സൾഫൈഡ്

14. ബ്രഹ്മപുരം മാലിന്യസംസ്കരണകേന്ദ്രം സ്ഥിതി ചെയ്യുന്ന ജില്ല?
a) തിരുവനന്തപുരം
b) എറണാകുളം
c) തൃശൂർ
d) കോഴിക്കോട്

15. ലോക ജലദിനം?
a) മെയ് 22
b) ഏപ്രിൽ 22
c) മാർച്ച് 22
d) ജൂൺ 22

16. എക്സിറ്റു (Exsitu) പരിപാലനരീതിക്ക് ഉദാഹരണമായത്?
a) ജീൻ ബാങ്കുകൾ
b) ബൊട്ടാണിക് ഗാർഡൻ
c) മൃഗശാലകൾ
d) മേൽപ്പറഞ്ഞവയെല്ലാം

17. താഴെപ്പറയുന്നവയിൽ ഹരിതഗൃഹവാതകം ഏത്?
a) ഓക്സിജൻ
b) നൈട്രജൻ
c) കാർബൺ മോണോക്സൈഡ്
d) കാർബൺ ഡൈ ഓക്സൈഡ്

18. പുത്തുമല ഉരുൾപ്പൊട്ടൽ നടന്ന ജില്ല, വർഷം?
a) ഇടുക്കി, 2019
b) മലപ്പുറം, 2018
c) പത്തനംതിട്ട, 2018
d) വയനാട്, 2019

19. കാർബൺ മോണോക്സൈഡ് ഒരു മലിനീകാരിയായി കണക്കാക്കാൻ കാരണമെന്ത്?
a) ഓക്സിജനുമായി ചേർന്ന് പ്രവർത്തിക്കുന്നു.
b) ഗ്ലൈക്കോളിസിസിന് തടസ്സം സൃഷ്ടിക്കുന്നു.
c) ഹീമോഗ്ലോബിനുമായി ചേർന്ന് പ്രവർത്തിക്കുന്നു.
d) ഇവയൊന്നുമല്ല

20. ആർദ്രത (humidity) അളക്കുന്ന ഉപകരണം?
a) ബാരോമീറ്റർ
b) ഹൈഗ്രോമീറ്റർ
c) തെർമോമീറ്റർ
d) ഇവയൊന്നുമല്ല

21. റെഡ് ഡാറ്റാബുക്ക് പ്രസിദ്ധീകരിക്കുന്നത്?
a) WWF
b) IUCN
c) IPCC
d) ZSI

22. പാനി പഞ്ചായത്ത് സമരം ആരംഭിച്ചത് ഏത് സംസ്ഥാനത്തിലാണ്?
a) രാജസ്ഥാൻ
b) മഹാരാഷ്ട്ര
c) പഞ്ചാബ്
d) ഹരിയാന

23 പശ്ചിമബംഗാളിലെ സുന്ദർബൻ പ്രസക്തമാകുന്നത് ഏതിനം ചെടികളുടെ പേരിലാണ്?
a) മാവ്
b) മഹാഗണി
c) ദേവദാരു
d) കണ്ടൽ

24. ശബ്ദത്തിന്റെ തീവ്രത ഏത് യൂണിറ്റിലാണ് കണക്കാക്കുന്നത്?
a) ജൂൾ
b) ഡോബ്സൺ
c) ഡെസിബെൽ
d) മീറ്റർ

25. ഹെർപെറ്റോളജി എന്ന ശാസ്ത്രശാഖ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
a) പക്ഷികൾ
b) ഉരഗങ്ങൾ
c) കാടുകൾ
d) ഷഡ്പദങ്ങൾ

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക** **(5 x5= 25)**

26. ജൈവവൈവിധ്യ ശോഷണത്തിന്റെ പ്രധാന കാരണങ്ങൾ വിശദമാക്കുക?

27. സുസ്ഥിരവികസനം എന്നാലെന്ത്? സുസ്ഥിരവികസനം കൈവരിക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുക?

28. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യുക?

29. കേരളത്തിൽ അടുത്തിടെ നടന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇവ ലഘൂകരിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക?

30. തണ്ണീർത്തടങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പെഴുതുക.

31. പ്ലാസ്റ്റിക് മാലിന്യം പരിസ്ഥിതിയിലും ആരോഗ്യത്തിലും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

32. ജല മലിനീകരണം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുക.

33. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

**Habitat destruction**

The primary cause of the loss of biodiversity is not direct human exploitation but the habitat destruction that inevitably results from the expansion of human populations and human activities. In many cases, the factors causing habitat destruction are the large industrial and commercial activities associated with a global economy. Such as mining, forestry, plantation, agriculture, dam constuction and commercial fishing, initiated with the goal of making a profit.

-- -- --